"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറി തസ്തികയിൽ സ്ഥലംമാറ്റം / നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.5410/2025/GAD തീയതി,തിരുവനന്തപുരം, 17-12-2025

---

പരാമർശം:- 1) 04.12.2024 - ലെ സ.ഉ(സാധാ)നം. 5327/2024/പൊ.ഭ.വ

2) 27.11.2025 - ലെ സ.ഉ(അച്ചടി)നം. 144/2025/ധന

**<u>ഉത്തരവ്</u>**

നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം / നിയമനം ചുവടെ സൂചിപ്പിക്കും പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>123700-166800 രൂപ ശമ്പള സ്കെയിലിലുള്ള അഡീഷണൽ നിയമ സെക്രട്ടറി തസ്തികയിലേയ്ക്കുള്ള സ്ഥലംമാറ്റം / നിയമനം</u>**

(1)കേരള കർഷക കടാശ്വാസ കമ്മീഷനിൽ നിയമ ഓഫീസർ തസ്തികയിലുള്ള അന്യത്രസേവനം 05.12.2025-ൽ പൂർത്തിയാക്കി നിയമ വകുപ്പിൽ തിരികെ പ്രവേശിച്ച അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. ബിജു ശങ്കർ എസ്. (പെൻ-198107) - നു, അഡീഷണൽ നിയമ സെക്രട്ടറി ശ്രീമതി വനജകുമാരി പി. - യ്ക്ക് സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ, അന്യത്രസേവന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I, ചട്ടം 140 (സി) - ലെ വ്യവസ്ഥകൾക്കും അന്യത്രസേവനത്തിന് ബാധകമായ നിലവിലെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, കേരള സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ മെമ്പർ സെക്രട്ടറിയായി ഒരു വർഷത്തേയ്ക്ക് നിയമനം നൽകുന്നു.

(2)കേരള സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ മെമ്പർ സെക്രട്ടറി തസ്തികയിലുള്ള അന്യത്രസേവനം 05.12.2025-ൽ പൂർത്തിയാക്കി നിയമ വകുപ്പിൽ തിരികെ പ്രവേശിച്ച അഡീഷണൽ നിയമ സെക്രട്ടറി ശ്രീമതി വനജകമാരി പി. (പെൻ - 152159) -യ്ക്ക്, അഡീഷണൽ നിയമ സെക്രട്ടറി ശ്രീമതി റാണി ആർ. എസ്. - ന് സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ലാ ഓഫീസറായി

നിയമനം നൽകുന്നു.

(3) അഡീഷണൽ നിയമ സെക്രട്ടറിയും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ലാ ഓഫീസറുമായ ശ്രീമതി റാണി ആർ. എസ്. (പെൻ: 159748) - ന് സ്ഥലംമാറ്റം നൽകി, അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. ബിജു ശങ്കർ എസ് - ന് സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ, അന്യത്രസേവന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I, ചട്ടം 140 (സി) - ലെ വ്യവസ്ഥകൾക്കും അന്യത്രസേവനത്തിന് ബാധകമായ നിലവിലെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, കേരള കർഷക കടാശ്വാസ കമ്മീഷനിൽ നിയമ ഓഫീസറായി ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആർ.റ്റി.സി പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിൽ ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ധനകാര്യ വകുപ്പ് മുഖേന)
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ചെയർപേഴ്സൺ, കേരള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, കേരള കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Badusha S
Date: 17-12-2025 11:49:33
സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. - ന്
ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്. - ന്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്